# നാളികേര കർഷകരുടെ സെക്രട്ടറിയേറ്റ് മാർച്ച് മാറ്റിവെച്ചു

കൊച്ചി : കൺസോർഷ്യം ഓഫ് കോക്കനട്ട് പ്രൊഡ്യൂസർ കമ്പനീസ് ഇൻ കേരള ജനുവരി ഏഴിന് സെക്രട്ടറിയേറ്റിന് മുന്നിൽ നടത്താനിരുന്ന മാർച്ചും ധർണ്ണയും താത്കാലികമായി മാറ്റിവെച്ചു. 2013-14 ബഡ്ജറ്റിൽ പത്ത് ജില്ലകളിലെ ഉത്പാദക കമ്പനികൾക്ക് നൽകാമെന്നു പ്രഖ്യാപിച്ച 15 കോടി രൂപ ഉടൻ നൽകുക. നീര ടാപ്പിംഗ് ലൈസൻസിന് എക്സൈസ് കമ്മീഷണർക്ക് അപേക്ഷ നൽകിയ മുഴുവൻ ഫെഡറേഷനുകൾക്കും ലൈസൻസ് നൽകുക. പച്ചത്തേങ്ങയ്ക്ക് 35 രൂപ താങ്ങുവില തീരുമാനിക്കുകയും സംഭരണാധികാരം ഫെഡറേഷനുകൾക്കും കമ്പനികൾക്കും നൽകുകയും ചെയ്യുക. നീര ലൈസൻസ് പുതുക്കുന്നതിനുള്ള സർക്കാർ തടസ്സം നീക്കുക. എന്നീ ആവശ്യങ്ങൾ ഉന്നയിച്ചായിരുന്നു മാർച്ചും ധർണയും നടത്താൻ ഉദ്ദേശിച്ചിരുന്നത്. ബഹു. മുഖ്യമന്ത്രിയുടെ അനുഭാവ പൂർണ്ണമായ സമീപനം ഈ വിഷയങ്ങളിൽ ഉണ്ടാവുകയും, അപേക്ഷിച്ച എല്ലാ ഫെഡറേഷനുകൾക്കും ലൈസൻസ് നൽകാൻ തീരുമാനിക്കുകയും, ലൈസൻസ് പുതുക്കുന്നതിലുള്ള തടസ്സങ്ങൾക്ക് പരിഹാരം ഉണ്ടാക്കുകയും ബാക്കി എല്ലാ പരാതികൾക്കും ഉടൻ പരിഹാരം നൽകും എന്ന ഉറപ്പിന്റെയും അടിസ്ഥാനത്തിൽ ധർണ്ണ താത്കാലികമായി മാറ്റിവെച്ചതായി കൺസോർഷ്യം ചെയർമാൻ ഷാജഹാൻ കാഞ്ഞിരവിളയും, സെക്രട്ടറി നാസ്സർ പൊന്നാടും, വൈസ് ചെയർമാൻ സണ്ണി ജോർജ്ജും അറിയിച്ചു.